പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4413   22 /07/2015 -ൽ മറുപടിയ്ക്ക്

## അബ്കാരി കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നില്പുണ്ടോ; ഇതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. അബ്കാരി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 21/4/2015-ലെ സ.ഉ(കൈ) നം.64/2015 പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഡിസ്റ്റലറികൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുവാനുള്ള കുടിശ്ശിക നിലവിൽ എത്രയെന്നറിയിക്കുമോ; | (ബി) | 30/06/2015-ലെ കണക്കുകൾ പ്രകാരം ഡിസ്റ്റിലറികൾ, ബ്ലെന്റിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, കെ.എസ്.ബി.സി.(എഫ്.എൽ9) വെയർ ഹൗസുകൾ തുടങ്ങിയവയിൽ നിന്ന് മുതൽ ഇനത്തിൽ 4,22,16,588 രൂപയും പലിശ ഇനത്തിൽ 5,30,37,083 രൂപയും ഉൾപ്പടെ ആകെ 9,52,53,671 രൂപ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. |
| (സി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈ സർക്കാർ അബ്കാരികൾക്ക് നൽകിയ ആനുകൂല്യങ്ങൾ വിശദമാക്കാമോ? | (സി) | 21/04/2015-ലെ സ.ഉ(കൈ) നമ്പർ 64/15 ഉത്തരവ് പ്രകാരം സർക്കാർ പുനഃസ്ഥാപിച്ച ആംനസ്റ്റി സ്കീം അനുസരിച്ച് 11,38,843/- രൂപ കുടിശ്ശികയിലേയ്ക്ക് അടവു വരുകയും |

1,01,77,912/- രൂപ അബ്കാരി
കുടിശ്ശിക അടച്ചുതീർത്തവർക്ക് ഇളവ്
നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

(i) 1990-91 വരെയുള്ള കുടിശ്ശിക കണക്കാക്കുന്നതിന് കുടിശ്ശികയുടെ മുതൽ തുകയുടെ 75% അടയ്ക്കുകയാണെങ്കിൽ കുടിശ്ശികയുടെ മുഴുവൻ പലിശയും, പിഴപ്പലിശയും മുതലിന്റെ 25% വും ഒഴിവാക്കുന്നതായിരിക്കും.

(ii) 1991-92 നം, 1995-96 നം ഇടയിലുള്ള കുടിശ്ശിക കണക്കാക്കുന്നതിന് മുതലിന്റെ 100% അടയ്ക്കുകയാണെങ്കിൽ ടി കുടിശ്ശികയുടെ മുഴുവൻ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതായിരിക്കും.

(iii) 1996-97 നം 1999-2000 നം ഇടയിലുള്ള കുടിശ്ശികകൾക്ക് മുതലിന്റെ 100% വും 5% പലിശയും പിഴപ്പലിശയും മാത്രം അടച്ചാൽ മതിയാകും.

(iv) 2000-01 നം 2004-05 നം ഇടയിലുള്ള കുടിശ്ശികകൾക്ക് മുതലിന്റെ 100% വും 10% പലിശയും പിഴപ്പലിശയും മാത്രം അടച്ചാൽ മതിയാകും.

(v) കുടിശ്ശികയുടെ മുതൽ ഇതിനോടകം അടയ്ക്കുകയും പലിശ മാത്രം ബാക്കി നിൽക്കുകയും ചെയ്യുന്ന കേസുകളിൽ പലിശയിനത്തിൽ 10% മാത്രം അടച്ചാൽ മതിയാകും.

(vi) ബോട്ട് -ഇൻ-ലാന്റ് വസ്തുക്കൾ ഉൾപ്പെട്ട കുടിശ്ശികക്കാരെയും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്. ഭൂമി ബോട്ട്-ഇൻ-ലാന്റ് ആക്കിയതിന്റെ സ്ഥിരീകരണ ഉത്തരവിനു ശേഷം 5 വർഷം കഴിഞ്ഞ കേസുകളിൽ കുടിശ്ശികക്കാർ ആംനെസ്റ്റി പ്രകാരം കുടിശ്ശിക അടച്ചു തീർക്കുവാൻ മുന്നോട്ട് വരികയാണെങ്കിൽ ടി വസ്തുക്കൾ തിരികെ ആവശ്യപ്പെടുകയില്ലെന്ന് 100/- രൂപ മുദ്രപത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കണമെന്ന വ്യവസ്ഥയിലും അതേ സമയം ലേല സ്ഥിരീകരണത്തിനു ശേഷം 5 വർഷത്തിനുള്ളിൽ വരുന്ന കേസുകളിൽ ബോട്ട്-ഇൻ-ലാന്റ് വസ്തുക്കൾ തിരികെ കൊടുക്കുന്നത് 01.03.2013 ലെ സ.ഉ (എം.എസ്) 76/13/റവ, 03.05.2013 ലെ സ.ഉ (എം.എസ്) 181/13/റവ എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് മാത്രമായിരിക്കും. അത്തരത്തിൽ സത്യവാങ്മൂലം സമർപ്പിക്കുന്നവരെ ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക അടച്ചു തീർക്കാൻ അനുവദിക്കാവുന്നതാണ്. ഒരു കുടിശ്ശിക കേസിൽ ഒന്നിലധികം വ്യക്തികൾ (ലൈസൻസികൾ) ഉൾപ്പെടുന്ന അവസരങ്ങളിൽ ബോട്ട്-ഇൻ-ലാന്റ് ഭൂമിയില്ലാത്ത അവരിലെ കുടിശ്ശികക്കാർ ആംനെസ്റ്റി പ്രകാരം അപേക്ഷിക്കുകയാണെങ്കിൽ ടിയാളെ കുടിശ്ശിക തീർക്കുവാൻ അനുവദിക്കാവുന്നതും അതേസമയം അവരിലുൾപ്പെട്ട മറ്റു ലൈസൻസികളുടെ ബോട്ട്-ഇൻ-ലാന്റ് ഭൂമി സംബന്ധിച്ച കാര്യങ്ങളിൽ മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതു മാണ്.

(vii) ഡിസ്റ്റിലറികൾ, ബ്ലെന്റിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, കെ.എസ്. ബി. സി (എഫ്.എൽ.9 വെയർഹൗസുകൾ) എന്നിവിടങ്ങളിലെ 31.03.2012 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശികകൾ ആംനെസ്റ്റി സ്കീമിലുൾപ്പെടുത്തും.

(viii) 1979-80 ന് മുമ്പുള്ള കുടിശ്ശികക്കാരുടെ മുതലിന്റെ 25% ഉം, പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും ഇളവ് നൽകുന്നതാണ്.

(ix) വിവിധ വർഷങ്ങളിലെ കുടിശ്ശികകൾക്ക് നൽകുന്ന ഇളവുകളുടെ കാര്യത്തിൽ 26.05.2008 ലെ ജി.ഒ (എം.എസ്) നം. 108/08/നി.വ., 25.10.2013 ലെ ജി.ഒ (എം.എസ്) നം. 181/13/നി.വ എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്ന അതേ ഇളവുകളും നിബന്ധനകളും ബാധകമാക്കുന്നതാണ്.

(x) "ആംനെസ്റ്റി സ്കീം" (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) പ്രയോജനപ്പെടുത്താത്ത അബ്കാരി കുടിശ്ശികക്കാർക്കെതിരെ സർക്കാർ നിയമനടപടികൾ സ്വീകരിക്കുന്നതും, ഭാവിയിൽ അത്തരക്കാർക്ക് ടി പദ്ധതിയുടെ യാതൊരു സഹായവും അനുവദിക്കുന്നതല്ല.

(xi) "ആംനെസ്റ്റി സ്കീം" (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നവർ ഭാവിയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ നൽകുകയില്ലെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ട താണ്.

(xii) 'ആംനെസ്റ്റി പദ്ധതി'യിൽ 30.06.2015 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.